കൊടുവള്ളിയിൽ സൂപ്പർഫാസ്റ്റ് എക്സ്പ്രസ്സ് ബസ്സുകൾക്ക് സ്റ്റോപ്പുകൾ

107(1931)ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ കൊടുവള്ളിയിൽ കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ് ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ടോ;

(ബി) സ്റ്റോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ട് കോഴിക്കോട് ആർ.ടി.എ. തീരുമാനം എടുത്ത് ബന്ധപ്പെട്ടവരെ അറിയിച്ചകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞ ബസ്സുകൾക്ക് കൊടുവള്ളിയിൽ സ്റ്റോപ്പ് അനുവദിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കൊടുവള്ളിയിൽ സൂപ്പർഫാസ്റ്റ് റിക്വസ്റ്റ് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള മോട്ടോർ വെഹിക്കിൾ റൂൾ അനുസരിച്ച് ആർ.ടി.എ. തീരുമാനങ്ങൾ കെ.എസ്.ആർ.ടി.സി.ക്കു ബാധകമല്ല.

(സി) കൊടുവള്ളിയിൽ സൂപ്പർ എക്സ്പ്രസ്സ് ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കാൻ നിർവ്വാഹമില്ല.

മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജിലേയ്ക്ക് യാത്രാക്ലേശം

108(1932)ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജിലേയ്ക്ക് വരുന്ന രോഗികളും മറ്റ് യാത്രക്കാരും ബസ്സുകളുടെ ദൗർലഭ്യംമൂലം ബുദ്ധിമുട്ടുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജ് ബോർഡ് വച്ചുവരുന്ന പല പ്രൈവറ്റ് ബസ്സുകളും കോളേജ്വരെ വരാതെ വഴിമദ്ധ്യേ യാത്രക്കാരെ ഇറക്കിവിടുന്നകാര്യം ഗവൺമെന്റിനറിയുമോ;

(സി) എങ്കിൽ ഇതിനെതിരെ ആവശ്യമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) അന്വേഷിച്ച് വേണ്ട നടപടി കൈക്കൊള്ളുവാൻ നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly